കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം
2003 ജൂലായ് 1, ചൊവ്വ

വാല്യം 119] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 12

നിയമസഭ 2003 ജൂലായ് മാസം 1-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ....., ഓർഡർ ..... ചോദ്യം നമ്പർ *328

ജലസമ്പത്തിനെക്കുറിച്ച് പഠനം

1 (*328). ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലസമ്പത്തിനെക്കുറിച്ച് പഠനം നടത്തുന്നതിനും ജലസമ്പത്ത് പരിപോഷിപ്പിക്കുന്നതിനുമായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി ഏതെങ്കിലും പദ്ധതികൾ നെതർലാന്റ്സ് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ ;

(സി) എത്ര കോടി രൂപയുടെ സഹായമാണ് ഈ പദ്ധതിക്കായി ആവശ്യപ്പെട്ടിരിക്കുന്നത് ;

(ഡി) പ്രസ്തുത തുക ഏതൊക്കെ മേഖലകളിലാണ് വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് പറയാമോ ;

(ഇ) ആയത് സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ,

(എ) സംസ്ഥാനത്തെ ജലസമ്പത്തിനെക്കുറിച്ച് 1974-ൽ വിശദമായ പഠനം നടത്തി 'വാട്ടർ റിസോഴ്സസ് ഓഫ് കേരള' എന്ന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഭൂജല സമ്പത്തിനെക്കുറിച്ച് പഠനം നടത്തുന്നതിനും ജലസമ്പത്ത് പരിപോഷിപ്പിക്കുന്നതിനുമായി സംസ്ഥാന ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡുമായി ചേർന്ന് ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റി രൂപീകരിക്കുകയും ബ്ലോക്ക് അടിസ്ഥാനത്തിലുള്ള കണക്ക് തിട്ടപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ജലസമ്പത്ത് പരിപോഷിപ്പിക്കുന്നതിനായി കൃത്രിമ ഭൂജല സംരക്ഷണ പദ്ധതി, മഴവെള്ള ശേഖരണ പദ്ധതി എന്നിവ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ആന്റ് (ഇ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. തമ്പാനൂർ രവി : സർ, നമ്മുടെ സംസ്ഥാനത്ത് പല പ്രദേശങ്ങളിലും ഗ്രൗണ്ട് വാട്ടർ ലവൽ വളരെ താണുകൊണ്ടിരിക്കുകയാണ്, ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആ പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് ഐഡന്റിഫൈ ചെയ്തിട്ടുണ്ടോ ; അവിടെ നിലവിലുള്ള ജലസമ്പത്തെങ്കിലും സംരക്ഷിക്കുവാൻ എന്തു നടപടി സ്വീകരിക്കുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത ?

ശ്രീ. ടി. എം. ജേക്കബ് : സർ, ചില സ്ഥലങ്ങളിൽ ഭൂജലം താഴുന്നതായിട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, അതനുസരിച്ച് വിശദമായ പഠനം നടത്തുകയും, ഇത് പരിഹരിക്കുന്നതിനുവേണ്ടിയിട്ട് സബ് സർഫസ് ഡൈക്കുകൾ പരീക്ഷണാടിസ്ഥാനത്തിൽ ചില സ്ഥലങ്ങളിൽ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. തമ്പാനൂർ രവി : സർ, ഇപ്പോൾ നിലവിലുള്ള ഹൈഡ്രോളജി മിഷൻ പദ്ധതിയുടെ പ്രയോജനങ്ങൾ എന്തൊക്കെയാണ് ; അതിന്റെ കാലാവധി കഴിയാറായോ ; അതിന്റെ കാലാവധി നീട്ടിക്കിട്ടാൻ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്ന ഒരു പദ്ധതിയാണിത്. 1995-ലാണ് ഇതിനുള്ള അനുവാദം നൽകിയത്. 1996-1997 മുതൽ ഈ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചു. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിൽ 12.6 കോടിയും, ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലേക്ക് 16.15 കോടിയുമായി, 28.75 കോടിയോളം രൂപയാണ് ഇതിനായി നീക്കിവച്ചിട്ടുള്ളത്. 2003 ഡിസംബറോടുകൂടി ഈ പദ്ധതി അവസാനിക്കും. ലഭിച്ച പണം മുഴുവൻ വിവിധ പ്രോജക്ടുകൾക്കായിട്ട് സർക്കാർ ചെലവഴിച്ചിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, അമൂല്യമായ ശുദ്ധജല സമ്പത്തിന്റെ ക്ഷാമം കേരളത്തിൽപ്പോലും ഒരു പ്രശ്നമായിട്ട് മാറിക്കൊണ്ടിരിക്കുമ്പോൾ നമുക്ക് കിട്ടുന്ന മഴവെള്ളം ശേഖരിച്ചുവയ്ക്കുന്നതിന് ഒരു പദ്ധതിക്ക് ഇത്രയും കാലമായിട്ട് രൂപം കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അട്ടപ്പാടിയിൽ ഞങ്ങളുടെ നിയമസഭാ കമ്മിറ്റി (PAC) പോയ സമയത്ത് അവിടെ അതിന് പ്രാഥമികമായിട്ടുള്ള ഒരു പഠനം നടത്തിയതായിട്ട് കണ്ടു. അതിന്റെ അടിസ്ഥാനത്തിൽ ഒരു സമഗ്രമായ പദ്ധതിക്ക് സംസ്ഥാന ഗവൺമെന്റ് വിവിധ ഏജൻസികളുടെ സഹായത്തോടുകൂടി രൂപംകൊടുക്കാൻ സന്നദ്ധമാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : സർ, അതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ഏതാനും ഡിസ്ട്രിക്ടിൽ മാത്രമായിരുന്നു ഈ മഴവെള്ള ശേഖരണപദ്ധതി ആവിഷ്ക്കരിച്ചത്, ഈ വർഷം എല്ലാ ഡിസ്ട്രിക്ടുകളിലേയ്ക്കും അത് വ്യാപിപ്പിച്ചിട്ടുണ്ട്. പ്രധാനമായും രണ്ടു ഡിപ്പാർട്ടുമെന്റുകളാണ് ഇക്കാര്യം നോക്കുന്നത്. കേരളാ വാട്ടർ അതോറിറ്റി ഇതിനുള്ള ഒരു പ്രോഗ്രാം ആവിഷ്ക്കരിച്ചിട്ടുണ്ട്, മറ്റൊന്ന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റും ആവിഷ്ക്കരിച്ചിട്ടുണ്ട്. കേരളത്തിൽ ശരാശരി മൂവായിരം മില്ലീമീറ്റർ മഴ കിട്ടുന്നുണ്ട്. വയനാട്ടിലും ഇടുക്കിയിലും 5000 മില്ലീമീറ്റർവരെ മഴ ലഭിക്കും എന്നാണ് കണക്കാക്കിയിരിക്കുന്നത്. മാക്സിമം പെയ്തുകിട്ടുന്ന വെള്ളം ശേഖരിച്ചുവയ്ക്കാനുള്ള നടപടികൾ സ്വീകരിക്കണം. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് പല പദ്ധതികളും തയ്യാറാക്കിയിട്ടുണ്ട്. വോളന്ററി ഏജൻസീസിന്റെ സഹായവും ഇക്കാര്യത്തിൽ ഞങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്.

ശ്രീ. വി. ഡി. സതീശൻ : സർ, നമ്മുടെ നാട്ടിൽ ഒരുപാട് ജലം നമുക്ക് ലഭ്യമാണെങ്കിലും മാലിന്യവിമുക്തമായ ജലമെന്നു പറയുന്നത് ഭൂജലം മാത്രമാണ്. ഇപ്പോൾ ഒരുപാട് കമ്പനികൾ സോളിഡ് വേസ്റ്റ് അടക്കമുള്ള മാലിന്യങ്ങൾ കുഴിച്ചുമൂടുന്നതുകൊണ്ട് നമ്മുടെ ഭൂജലം മലിനമാകുന്നത് സാധാരണമായിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ ജലസമ്പത്ത് സംരക്ഷിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുമ്പോൾ ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, മലിനീകരണം പല രൂപത്തിൽ നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച രൂപത്തിൽ വ്യാപകമായി ഗ്രൗണ്ട് വാട്ടർ മലിനീകരിക്കപ്പെടുന്നു എന്ന് നമുക്ക് പറയാൻ സാധ്യമല്ല. എങ്കിലും വെള്ളം ശുദ്ധമായി ലഭിക്കാനുള്ള കാര്യത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന് താൽപ്പര്യമുള്ളതും പുതിയ നിയമനിർമ്മാണം ആവശ്യമെങ്കിൽ, നമുക്ക് ഏതെങ്കിലും സന്ദർഭത്തിൽ ആലോചിച്ച് വേണ്ട പ്രൊവിഷൻസ് ഇൻക്ലൂഡ് ചെയ്യാം.

ശ്രീ. മത്തായി ചാക്കോ : സർ, കോഴിക്കോടുള്ള സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡവലപ്മെന്റ് ആന്റ് മാനേജ്മെന്റ് (സി.ഡബ്ലിയു.ആർ.ഡി.എം.) -ന്റെ മാതൃകയിൽ കേരളാ ഗവൺമെന്റിന്റെ ജലവിഭവ വകുപ്പ് വെള്ളത്തെ സംബന്ധിച്ചിടത്തോളം റിസർച്ച് ആന്റ് ഡവലപ്മെന്റിനുവേണ്ടിയുള്ള ഏതെങ്കിലും ഒരു സ്ഥാപനം തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ? സെൻട്രൽ ഗവൺമെന്റിന്റെ സി.ഡബ്ലിയു.ആർ.ഡി.എം. അല്ലാതെ സ്റ്റേറ്റ് ഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള ഏതെങ്കിലും സ്ഥാപനങ്ങൾ ഇപ്പോൾ ഇതിനായി പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഗവേഷണത്തിനും പഠനത്തിനും വേണ്ടി അത്തരത്തിൽ ഒരു സ്ഥാപനം തുടങ്ങാൻ ഗവൺമെന്റ് സന്നദ്ധമാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഇപ്പോൾ ഞാൻ ഇവിടെ വിശദീകരിച്ചു, ഹൈഡ്രോളജിമിഷൻ പ്രോജക്ടിൽ നമ്മൾ ചെലവഴിച്ചിരിക്കുന്ന പണവും അതുപോലെതന്നെ അതിന് സ്വീകരിച്ചിരിക്കുന്ന നടപടിയും പ്രധാനമായും

ഇത്തരത്തിലുള്ള ഒരു ഭാഗമായിട്ടു തന്നെയാണ്. ലാബ് സ്ഥാപിക്കുക, ശാസ്ത്രീയമായിട്ടുള്ള പഠനം നടത്തുക, അതിന്റെ ലേറ്റസ്റ്റായിട്ടുള്ള ഡാറ്റാസ് കളക്ടുചെയ്ത് സൂക്ഷിക്കുക തുടങ്ങിയവയും അതുപോലെതന്നെ മഴവെള്ളത്തെ സംബന്ധിച്ച് പെയ്തുകിട്ടുന്ന മഴയുടെ തോത് ആട്ടോമാറ്റിക്കായിട്ടുതന്നെ റീഡ് ചെയ്യാനുള്ള സംവിധാനം, നദികളിലെ ഒഴുക്ക് 24 മണിക്കൂറും മോണിറ്റർചെയ്യുന്ന സംവിധാനം ഇവയെല്ലാം ഈ ഹൈഡ്രോളജി മിഷൻ പ്രോജക്ടിന്റെ ഭാഗമായിട്ടാണ് നമ്മൾ ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. മോഹൻകുമാർ : സർ, തലമുറകൾ കൈമാറി നമുക്ക് വന്ന അമൂല്യമായ ജലസമ്പത്താണ് തടാകങ്ങളും കുളങ്ങളും. നമ്മുടെ കാർഷിക സംസ്ക്കാരത്തിന്റെയും, പരിസ്ഥിതി ബോധത്തിന്റെയും സ്ത്രീത്വ സങ്കൽപ്പങ്ങളുടെയുമൊക്കെ പ്രതീകങ്ങളായി നിൽക്കുന്ന ഈ വലിയ കുളങ്ങളും തടാകങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര കൈകാര്യം ചെയ്യുന്നില്ല ; അത് പരിപാലിക്കുന്നില്ല. അതിനാൽ സംസ്ഥാന ഗവൺമെന്റ് ഇത് സംരക്ഷിക്കുന്നതിനുവേണ്ടി കാലോചിതമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, സംസ്ഥാന ഗവൺമെന്റ് മാത്രം നോക്കിയാൽ നടക്കുന്ന സ്കീം അല്ല ഇത്. നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേകിച്ചും ഗ്രാമപഞ്ചായത്തുകൾ ഇക്കാര്യത്തിൽ കൂടുതൽ ഇനിഷ്യേറ്റീവ് എടുക്കണം. അതുകൊണ്ടുതന്നെ അവർക്കു കൊടുക്കുന്ന പ്ലാൻ ഗ്രാന്റിൽ നിന്നും ഈ മേഖലയിലേക്ക് കുറേ പണം നീക്കിവയ്ക്കണമെന്നുള്ള നിർദ്ദേശം അവർക്ക് കൊടുത്തിട്ടുണ്ട്. വിവിധ ഏജൻസികളുടെ സഹായത്തോടുകൂടി ഗവൺമെന്റും കൂടി കൂട്ടായി നിന്നുകൊണ്ട് കുളങ്ങളും തടാകങ്ങളുമൊക്കെ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കാം.

ശ്രീ. ബിനോയ് വിശ്വം : സർ, ഈ നൂറ്റാണ്ടിലെ മഹായുദ്ധങ്ങൾ വെള്ളത്തിനുവേണ്ടിയായിരിക്കും എന്ന് നമ്മളെല്ലാവരും പറയാറുണ്ട്; സത്യമാണുതാനും അത്. പക്ഷെ പ്രസ്താവനകൾക്കപ്പുറത്ത് നമ്മൾ വാസ്തവത്തിൽ വെള്ളം സംരക്ഷിക്കാൻ വേണ്ടി ഫലപ്രദമായി എന്തുചെയ്തു എന്ന ചോദ്യം ബാക്കിനിൽക്കുകയാണ്. കേരളത്തിലെ പല പ്രദേശങ്ങളിലും അതിരൂക്ഷമായ പ്രകൃതികയ്യേറ്റം നടന്നുകൊണ്ടിരിക്കുകയാണ്. കോട്ടയം ജില്ലയിലെ പല താലൂക്കുകളിലും കരയിലെ മണലൂറ്റ് വ്യാപകമാകുമ്പോൾ കിണറുകളിലും കുളങ്ങളിലും വെള്ളം താഴ്ന്നുപോകുന്ന അവസ്ഥ നിത്യേന വാർത്തയാണ്. വനനശീകരണം, മരംവെട്ടൽ, വനംമാഫിയ ഇവരെല്ലാം ചെയ്യുന്ന ദ്രോഹത്തിന്റെ ഫലമായിട്ട് ഭൂജലം വറ്റിക്കൊണ്ടേയിരിക്കുന്നു. ഇതെല്ലാം കൂടി ബന്ധപ്പെടുത്തി, ഈ മാഫിയകളെയും മറ്റും തടഞ്ഞുകൊണ്ടു മാത്രമേ ശുദ്ധജലത്തെ സംരക്ഷിക്കാൻ പറ്റൂ. അതിനുള്ള ഒരു പൊളിറ്റിക്കൽ വില്ലോടുകൂടിയ ഒരു നീക്കമുണ്ടാക്കാൻ ഈ ഗവൺമെന്റിന് പദ്ധതിയുണ്ടോ ? കേവലമായ പഠനങ്ങളും റിപ്പോർട്ടുകളും ചർച്ചകളും പ്രഭാഷണങ്ങളുംകൊണ്ട് വെള്ളം കിട്ടാൻ പോകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : സർ, ഇന്നലെ ആൾ പാർട്ടി മീറ്റിംഗ് നടത്തിയിരുന്നു, അന്തർ സംസ്ഥാന നദീജലപ്രശ്നങ്ങളാണെങ്കിൽ തന്നെയും നമ്മുടെ നദികളുടെ സംരക്ഷണം, വെള്ളത്തിന്റെ സംഭരണം, വെള്ളം അമൂല്യമാണ് അത് ഏതെല്ലാം നിലയിൽ നമുക്ക് യോജിച്ച് സംരക്ഷിക്കാൻ സാധിക്കണം എന്നീ കാര്യങ്ങളൊക്കെ ഇന്നലെ ചർച്ചയ്ക്ക് വിധേയമായിട്ടുണ്ട്. ഒരു പൊളിറ്റിക്കൽ ഡിഫറൻസ് ഇക്കാര്യത്തിൽ ഇല്ലല്ലോ. നമ്മുടെ സ്റ്റേറ്റിന്റെ പൊതുവായ താൽപ്പര്യമെന്നുള്ള നിലയിൽ ഗവൺമെന്റ് തുറന്ന മനസ്സോടെ തന്നെയാണ് ഇതിനെ കാണുന്നത്. ഏത് നിർദ്ദേശം വന്നാലും പ്രായോഗികം ആയിട്ടുള്ളത് ഒരുമിച്ച് നടപ്പിലാക്കാൻ നമുക്ക് ശ്രമിക്കാം.

ശ്രീ. ഡി. സുഗതൻ : സർ ജലസമ്പത്തിന്റെ പരിപോഷണത്തെ സംബന്ധിച്ച ചോദ്യമാണ്, ഇതിൽ നെതർലാൻഡ്സ് ഗവൺമെന്റിന് എന്തെങ്കിലും ഒരു പദ്ധതി കൊടുത്തിട്ടുണ്ടോ എന്ന ചോദ്യത്തിന് 'ഇല്ല' എന്നുള്ള മറുപടിയാണ് കിട്ടിയത്. നെതർലാൻഡ്സ് ഗവൺമെന്റിന്റെ പ്രതിനിധികൾ ഉൾപ്പെടെയുള്ള ആളുകൾ ഇവിടെ വന്ന് എന്റെ മണ്ഡലത്തിലും ആലപ്പുഴ ജില്ലയിലും പഠനം നടത്തുകയും ഞങ്ങളെയൊക്കെ ബന്ധപ്പെടുത്തി ചർച്ചകൾ നടത്തുകയും ചെയ്തു. ആ പദ്ധതിയെന്തായി ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഇതു രണ്ടും രണ്ടു സ്കീമാണ്. അദ്ദേഹം ഇപ്പോൾ പറഞ്ഞത് കുടിവെള്ളവുമായി ബന്ധപ്പെട്ട ഒരു സ്കീമിനെ സംബന്ധിച്ചാണ്. നെതർലാൻഡ്സ് ഗവൺമെന്റ് നമുക്ക് സഹായം തരാമെന്ന് പറയുകയും അതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി, ആലപ്പുഴ എന്നീ രണ്ടു ജില്ലകൾ ഗവൺമെന്റ് നിർദ്ദേശിക്കുകയും ചെയ്തു. അങ്ങനെ നടത്തിയ പഠനത്തിന്റെ ഫൈനൽ സ്റ്റേജ് ആയിട്ടില്ല. അതുമായിട്ടുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. അവരുടെ ഗ്രാന്റ് ലഭിക്കുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. 100 ശതമാനവും ഗ്രാന്റാണ്, ലോൺ അല്ല.

ശ്രീ. എം. വി. ജയരാജൻ : സർ, ജലസമ്പത്തിനെക്കുറിച്ചുള്ള ഒരു പഠനം നടത്തുന്നതു തന്നെ ശരിയാംവിധത്തിലല്ല എന്നുള്ള ആക്ഷേപം ഉയർന്നുവരികയാണ്. കൊച്ചി മെട്രോ വാട്ടർ സപ്ലൈ സ്കീം എന്ന പേരിൽ അവിടെ നേരത്തെതന്നെ ഹഡ്കോയുടെ ധനസഹായത്തോടുകൂടി കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം നടന്നുവരികയാണ്. അതിനിടയിലാണ് മദ്ധ്യ മേഖലാ ചീഫ് എൻജിനീയറായ ഒരു ഉദ്യോഗസ്ഥനെ അദ്ദേഹം റിട്ടയർ ചെയ്യുന്നതിനു നാലു ദിവസം മുമ്പ് സർവ്വേ നടത്താൻ ചുമതലപ്പെടുത്തിയത്. നാലു ദിവസത്തെ ആ സർവ്വേ പ്രവർത്തനത്തിന് വേണ്ടിയിട്ട് മൂന്നു ലക്ഷം രൂപ ചെലവഴിച്ചു എന്ന ആക്ഷേപമാണ് ഉയർന്നുവന്നത്. അതിനെ സ്വപ്ന പദ്ധതിയെന്നു പോലും നാട്ടുകാർ വിളിക്കുകയാണ്. അത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ, ഉണ്ടെങ്കിൽ ആ സർവ്വേ പ്രവർത്തനത്തിന് ഈ വകയിരുത്തിയ തുക അനുവദിക്കാതെ യഥാർത്ഥത്തിൽ വാട്ടർ അതോറിറ്റിയുടെ ഇത്തരത്തിലുള്ള തുക തെറ്റായ വഴിക്ക് ചോർന്നുപോകുന്നത് തടയാൻ സർക്കാർ സന്നദ്ധമാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : സർ, ശ്രീ. ജയരാജൻ എന്തോ കേട്ട് എന്തോ മനസ്സിലാക്കി ചോദ്യം ചോദിക്കുകയാണ്. ഒന്ന്, ഹഡ്കോ പ്രോജക്ട് എന്നുപറയുന്നത് വർഷങ്ങളായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു പ്രോജക്ടാണ്. അതു പല കാരണങ്ങളാൽ മുടങ്ങി, 1994-ൽ ആരംഭിച്ചതാണ്. അത് ഇപ്പോൾ ഒന്ന് സ്പീഡപ്പ് ചെയ്തു. ആ പ്രോജക്ട് അടുത്ത ഏപ്രിൽ മാസത്തോടുകൂടി എങ്ങനെയെങ്കിലും പൂർത്തിയാക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. അത് വന്നുകഴിയുമ്പോൾ കൊച്ചിയിലെ നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമിന് കുറച്ച് ഇംപ്രൂവ്മെന്റ് വരും. പ്രത്യേകിച്ച് കൊച്ചി വൈപ്പിൻ മേഖലയിൽ അതിന്റെ പ്രയോജനം കൂടുതലായിട്ട് ലഭിക്കും. മറ്റൊന്ന് പെരിയാർ ബി.ഒ.ടി. സ്കീമിൽ, കൊച്ചി വാട്ടർ സപ്ലൈ സ്കീം എന്നുപറയുന്ന നിർദ്ദേശം വന്നപ്പോഴേ അതിന് ഒബ്ജക്ഷൻ വന്നു. അതുകൊണ്ട് ഗവൺമെന്റ് മുന്നോട്ട് പോയില്ല. വാട്ടർ അതോറിറ്റിയിൽ നിന്ന് റിട്ടയർ ചെയ്യുന്നതിന് നാലു ദിവസം മുമ്പ് ഒരു ഉദ്യോഗസ്ഥനേയും ഇങ്ങനെ ഒരു വാട്ടർ സപ്ലൈ സ്കീം ഉണ്ടാക്കുന്നതിനുവേണ്ടി സർക്കാർ നിയോഗിച്ചിട്ടില്ല. അവർ ഒരു പഠനം നടത്തി റിപ്പോർട്ട് തന്നിട്ടുണ്ട്. ആരെങ്കിലും ഒരു പഠനം നടത്തി ഒരു റിപ്പോർട്ട് തന്നാൽ ഉടനെ ഗവൺമെന്റ് അത് നടപ്പിലാക്കുമെന്ന് പറയുന്നത് ശരിയല്ല. അതിനുവേണ്ടി ഒരു പൈസയും സർക്കാർ മുടക്കിയിട്ടില്ല. അങ്ങനെ ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം ഒരു സർവ്വേ നടന്നിട്ടില്ല.

ശ്രീ. ടി. എൻ. പ്രതാപൻ : നമ്മുടെ വെള്ളത്തിന്റെ ക്വാളിറ്റിയാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന പകർച്ചവ്യാധികൾക്ക് ഒക്കെ അടിസ്ഥാനപരമായിട്ടുള്ള കാരണങ്ങളിലൊന്ന് ശുദ്ധജലത്തിലെ ക്വാളിറ്റിയില്ലായ്മയാണ്. സംസ്ഥാനത്ത് വെള്ളത്തിന്റെ ക്വാളിറ്റി നിർണ്ണയിക്കുന്നതിന് വേണ്ടി എവിടെയെല്ലാമാണ് ലാബറട്ടറികൾ ഉള്ളത് ; ഇനി കൂടുതലായിട്ടെന്തെങ്കിലും ലാബറട്ടറികൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള ശ്രമം ഉണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ജലത്തിന്റെ ക്വാളിറ്റി നിർണ്ണയിക്കുന്നതിനു വേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് തുടങ്ങിയ മൂന്നു സ്ഥലങ്ങളിൽ ലാബറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്, അതിൽ തിരുവനന്തപുരത്തെയും എറണാകുളത്തെയും പ്രവർത്തനസജ്ജമായിട്ടുണ്ട്. കോഴിക്കോടുള്ള ലാബിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കുന്നു. കഴിയുന്നതും വേഗം അതും പൂർത്തിയാകും. ഈ മൂന്ന് ലാബുകളും വരുമ്പോൾ ക്വാളിറ്റി പരിശോധിക്കാൻ നമുക്ക് വളരെ മെച്ചപ്പെട്ട സംവിധാനമുണ്ടാകും, ലോകത്തിലുള്ള ഏറ്റവും മികച്ച സംവിധാനങ്ങളിലൊന്നാണ് രൂപപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളത്.

ശ്രീ. പി. സി. ജോർജ് : സർ, ഗ്രൗണ്ട് വാട്ടർ യഥാർത്ഥത്തിൽ ഹാർഡ് വാട്ടറാണ്. ഉപയോഗിക്കാൻ തന്നെ ആ വെള്ളം കൊള്ളാവുന്നതല്ല. ഇപ്പോൾ പറയപ്പെടുന്നത് കൂടുതലായി ഈ ബോർവെൽ നിർമ്മാണം ഭൂമിയിൽ പ്രകമ്പനം സൃഷ്ടിക്കുന്നതുകൊണ്ട് കൂടുതലായി ഈ ഭൂചലനം ഉണ്ടാക്കുന്നു

എന്ന് ഒരു റിപ്പോർട്ട് വായിക്കാൻ ഇടയായി. ഈ സാഹചര്യത്തിൽ അത് അല്ലാതെതന്നെ ജലവിഭവം സംരക്ഷിക്കാനുള്ള മാർഗ്ഗങ്ങളെപ്പറ്റി എന്തെങ്കിലും ആലോചന ഗവൺമെന്റിന്റെ മുമ്പിലുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, നമുക്ക് ഉപയോഗിക്കാവുന്ന ഭൂജലം ഉപയോഗപ്പെടുത്താൻ കഴിയണം. ഗവൺമെന്റ് തന്നെ ഇപ്പോൾ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായിട്ട് 444 സ്ഥലത്ത് നിരീക്ഷണ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. 304 എണ്ണം ഡിജിറ്റൽ വാട്ടർ ലെവൽ ഘടിപ്പിച്ചിട്ടുള്ളതാണ്. ഇതൊരു ശാസ്ത്രീയമായ പഠനത്തിന് നിരീക്ഷണ വിധേയമാക്കാൻ കഴിയുന്ന സംവിധാനമാണ്. ഈ ആധുനിക സംവിധാനത്തോടുകൂടി നമ്മൾ പഠനം നടത്തുന്നതുകൊണ്ട് പരിസ്ഥിതിയുമായിട്ടുള്ള പ്രശ്നങ്ങൾ ഉണ്ടാകാതെ തന്നെ കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്നുതന്നെയാണ് ഗവൺമെന്റിന് കിട്ടിയിരിക്കുന്ന ഔദ്യോഗിക വിവരം.

ശ്രീ. കെ. എ. ചന്ദ്രൻ : സർ, മഴ പൊതുവേ കുറവാണ്. പാലക്കാട് ജില്ലയെ സംബന്ധിച്ചാണെങ്കിൽ കാലവർഷം പാലക്കാട് ജില്ലയിലെ കിഴക്കൻ മേഖലയിൽ എത്തുന്നതേയില്ല. തുലാവർഷം അതുപോലെയാണ്. പിന്നീടുള്ളത് അകലങ്ങളിൽ പെയ്യുന്ന മഴവെള്ളം ഒഴുകിവരൽ ആണ്. അത് പടിഞ്ഞാറുനിന്നു വരുന്ന ഭവാനിപ്പുഴയിലെ വെള്ളം തമിഴ്നാട് തിരിച്ചും ഉപയോഗിക്കുന്നു. കിഴക്ക് ആണെങ്കിൽ ആളിയാർ മേൽഭാഗത്തുള്ള വെള്ളവും അവർ എടുക്കുന്നു. ഇങ്ങനെ എല്ലാം കൊണ്ടും പാലക്കാട് ഒരു വരൾച്ചയുടെ കൊടുംപിടിയിലാണ്, ഇതിനെക്കുറിച്ച് ശാസ്ത്രീയമായി പഠിക്കുകയും അതിന് പരിഹാരം ഉണ്ടാക്കുകയും ചെയ്യുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, പാലക്കാട് ജില്ലയെ സംബന്ധിച്ചുള്ള പഠനം നടത്തിയിട്ടുണ്ട്. ഇപ്പോൾ നമുക്ക് ലഭിച്ചിരിക്കുന്ന ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായിട്ടുതന്നെ എല്ലാ സ്ഥലങ്ങളേയും സംബന്ധിച്ച് ഡിജിറ്റൽ ആയിട്ടുള്ള പഠനം നടത്തിയിട്ടുണ്ട്. അതുപോലെതന്നെ ഗ്രൗണ്ട് വാട്ടർ പൊട്ടൻഷ്യൽ എത്രയുണ്ടെന്നുള്ളതിനെ സംബന്ധിച്ച് ആധികാരികമായിട്ടുള്ള രേഖയും ഇന്ന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന് ലഭ്യമാണ്. ഞങ്ങൾ ശേഖരിച്ചിരിക്കുന്ന ഡേറ്റാസ് യൂസർ ഓർഗനൈസേഷന് കൊടുക്കാനുള്ള സംവിധാനവും ഇപ്പോഴുണ്ട്. ശാസ്ത്രീയമായ പഠനത്തിന്റെ കുറവല്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രശ്നം പാലക്കാട് ജില്ലയെ സംബന്ധിച്ചിടത്തോളം ശരിയാണ്. അവിടെ ഏതെല്ലാം രീതിയിൽ ജനങ്ങൾക്ക് വെള്ളം കൊടുക്കാൻ പ്രോജക്ടുകൾ വഴി സാധിക്കുമെന്ന് നോക്കുകയാണ്. ഏറ്റവും കൂടുതൽ പ്രോജക്ടുകൾ ഉള്ള ഒരു ജില്ലയാണ് പാലക്കാട് ജില്ല. അതുകൊണ്ട് അവിടത്തെ പ്രശ്നങ്ങൾ തീരുന്നില്ല. പ്രത്യേകിച്ച് ചിറ്റൂർ താലൂക്കിൽ വളരെ വലിയ വരൾച്ച നമുക്ക് അനുഭവപ്പെടുന്നുണ്ട്. കൊഴിഞ്ഞാമ്പാറ പ്രദേശത്ത് മഴ ലഭിക്കുന്നത് തന്നെ വളരെ വിരളമായിട്ടാണ്. പാലക്കാട് ജില്ലയിൽ പൊതുവായിട്ട് ഇതു വന്നിട്ടുണ്ട്. അപ്പോൾ ഇതിന് മറ്റെന്തെങ്കിലും മാർഗ്ഗങ്ങൾ കണ്ടെത്താനുള്ള ശ്രമം ഗവൺമെന്റ് മറ്റ് എല്ലാപേരുമായി ആലോചിച്ച് ചെയ്യാൻ സന്നദ്ധമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, നമുക്കുള്ള ഏറ്റവും വലിയ പ്രശ്നം പെയ്യുന്ന മഴവെള്ളം സംഭരിച്ചു വയ്ക്കാനുള്ള സംവിധാനം ഇന്ന് ഇല്ലെന്നുള്ളതാണ്. നമ്മുടെ നെൽകൃഷിയെല്ലാം ഇല്ലാതെയായി, ഓപ്പൺ വെല്ലുകൾ ഇല്ലാതെയായി. അപ്പോൾ സംഭരിച്ചുവയ്ക്കാനുള്ള സംവിധാനം ഇപ്പോഴില്ല, മിക്കവാറും നദിയിൽ തടയണ അതുപോലെ അടിയണ പണിയുകയാണെങ്കിൽ ഒരുപാട് വെള്ളം ശേഖരിച്ചുവയ്ക്കാൻ കഴിയുന്നതാണ്. ഇപ്പോൾ റിവർ മാനേജുമെന്റ് കമ്മിറ്റികളുടെ കീഴിൽ കോടിക്കണക്കിന് രൂപ ഉണ്ടെന്നാണ് മനസ്സിലാക്കുന്നത്. വിവിധ ജില്ലകളിൽ ആ സംഖ്യ വിനിയോഗിക്കാൻ കഴിയാതിരിക്കുന്ന സ്ഥിതിയാണുള്ളത്. റവന്യു വകുപ്പിന്റേയും ഇറിഗേഷൻ വകുപ്പിന്റേയും തർക്കം എന്നാണ് മനസ്സിലാക്കുന്നത്. എത്രയും പെട്ടെന്ന് റവന്യു വകുപ്പിന്റേയും ഇറിഗേഷൻ വകുപ്പിന്റേയും തർക്കം പരിഹരിച്ചുകൊണ്ട് എല്ലാ നദികളിലും തടയണയും അടിയണയും പണിയാനുള്ള സംവിധാനം ഉണ്ടാക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത് മണൽ വാരുമ്പോൾ കിട്ടുന്ന റോയൽറ്റിയെ സംബന്ധിച്ചാണ്. എല്ലാ ജില്ലകളിൽ നിന്നും കിട്ടിയിരിക്കുന്ന വിവരമനുസരിച്ച് ഏകദേശം 28 കോടിയോളം രൂപ കിട്ടിയിട്ടുണ്ട്. ഏകദേശം പത്തിരുപത് കോടി രൂപ മറ്റ് ചില കാര്യങ്ങൾക്കുവേണ്ടി പല ജില്ലകളിലായി ഉപയോഗിച്ചിട്ടുണ്ട്. മറ്റ് കാര്യങ്ങൾക്കു വേണ്ടിയെന്നു പറയുന്നത്, കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുക മുതലായവയാണ്. അതിനെ സംബന്ധിച്ച് പത്തനംതിട്ട ജില്ലയിൽ ചില ആക്ഷേപങ്ങൾ ഉയരുകയും ചെയ്തു. തർക്കമൊന്നുമില്ല. അതിനെസംബന്ധിച്ചെല്ലാം ആക്ഷേപമുണ്ടെന്ന് ഞാൻ പറഞ്ഞല്ലോ ? ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം തർക്കമൊന്നും ഇക്കാര്യത്തിൽ ഇല്ല. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ തടയണകൾ കെട്ടാൻ ഈ ഫണ്ട് ഉപയോഗപ്പെടുത്തേണ്ടതാണ്. നിയമത്തിൽ സ്പെസിഫിക്കായിട്ട് പറയുന്നത് മണൽ വാരുന്നതുകൊണ്ട് തീരം ഇടിയുന്നെങ്കിൽ അവിടേയും കടവുകൾ സംരക്ഷിക്കണമെന്നാണ്. തടയണ നിർമ്മിക്കണം, അതുപോലെതന്നെ സബ് സർഫസ് ഡൈക്കും ആവശ്യമായിട്ടുണ്ട്. ഞാൻ ആദ്യം പറഞ്ഞു, ഇത് രണ്ടും കേരളത്തെ സംബന്ധിച്ചിടത്തോളം മുന്നോട്ടുള്ള നീക്കത്തിൽ അനിവാര്യമായിട്ടുള്ള കാര്യങ്ങളാണ്. അതിന് പണം കണ്ടെത്താനുള്ള ശ്രമം നടത്തുന്നു. എന്തെങ്കിലും കുറേ സ്കീം തയ്യാറാക്കിയിട്ട് ഏതെങ്കിലും ഏജൻസിയുടെ സഹായം കിട്ടുമോ, എന്നുള്ളതാണ് ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. അടൂർ പ്രകാശ് : സർ, നമ്മുടെ സംസ്ഥാനത്തെ ജലസമ്പത്ത് സംരക്ഷിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമ്പോൾ ഇന്നും നമ്മുടെ സംസ്ഥാനത്ത് വ്യാപകമായി വയൽ നികത്തുന്ന ഒരു സമീപനം ഉണ്ടായികൊണ്ടിരിക്കുകയാണ്. ഈ വയൽ നികത്തുന്നതുകൊണ്ട് നമ്മുടെ ജലസ്രോതസുകൾ പലപ്പോഴും ഇല്ലാതാകുന്നു.—ഇപ്പോൾത്തന്നെ ചില നിയമങ്ങളൊക്കെയുണ്ടെങ്കിൽപ്പോലും ഈ നിയമങ്ങൾ ഒന്നും പരിരക്ഷിച്ചു കൊണ്ടല്ല ഇപ്പോൾ വയലുകൾ നികത്തിക്കൊണ്ടിരിക്കുന്നത്. അതിന് എന്തെങ്കിലും നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, വയൽ നികത്തുന്നത് നിയമവിരുദ്ധമാണ്. അതിന് നിലവിൽ നിയമമുണ്ട്, പക്ഷെ അതുകൊണ്ടുമാത്രം കാര്യങ്ങൾ നിൽക്കുന്നില്ല എന്നുള്ളത് സത്യമാണ്. ഇതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടത് പല കാരണങ്ങളാൽ നമുക്ക് ആവശ്യമായിട്ടുണ്ട്. ഗവൺമെന്റ് അതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, മലയോര പ്രദേശങ്ങളിൽ 100 മീറ്റർ കഴിഞ്ഞാൽ വെള്ളത്തിന് സലൈനിറ്റി ഉണ്ടെന്ന് ഒരു പഠന റിപ്പോർട്ടിൽ കണ്ടിരുന്നു. എന്നാൽ ഈ അടുത്ത കാലത്ത് ഗ്രൗണ്ട് വാട്ടർ ഉപയോഗിച്ച സ്ഥലത്ത് 50 മീറ്ററും, 25 മീറ്ററും പോയാൽ സലൈനിറ്റി ഉണ്ടെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഈ പുതിയ പ്രതിഭാസത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ഒരു പ്രത്യേക പഠനം നടത്താൻ ശ്രമിക്കുമോ ? കടലോര പ്രദേശത്തെ ജനങ്ങളുടെ രോഗവുമായി ബന്ധപ്പെട്ട് ഉപ്പുവെള്ളം തുടങ്ങിയ കാര്യങ്ങളിൽ ശരിയായ നിയന്ത്രണം ഏർപ്പെടുത്താൻ എന്ത് സംവിധാനമാണ് നടത്താൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. ടി. എം. ജേക്കബ് : സർ, നമ്മുടെ തീരപ്രദേശത്തെ വെള്ളത്തിൽ ഉപ്പുരസം കലർന്നിട്ടുണ്ട്. അതൊരു വസ്തുതയാണ്. അതിനൊരു പരിഹാര മായി പല സ്ഥലത്തും കുഴൽക്കിണറുകൾ ഉപയോഗിക്കുന്നുണ്ട്. തീരപ്രദേശങ്ങളിലേയ്ക്ക് മറ്റ് മാർഗ്ഗങ്ങളിലൂടെ ശുദ്ധജലം എത്തിക്കാൻ ശ്രമിക്കുന്നുണ്ട്. അതിന് വ്യാപകമായ പല പ്രോജക്ടുകളും തയ്യാറാക്കിയിട്ടുണ്ട്. മിക്ക കടലോര പ്രദേശങ്ങളിലും മറ്റു സ്ഥലങ്ങളിൽനിന്നും നദികളിൽനിന്നും വെള്ളം കൊണ്ടുവന്ന് സപ്ലൈ ചെയ്യാനുള്ള സ്കീം ഉണ്ട്. അതിലൊന്നാണ് ആലപ്പുഴ ടൗണിൽ വന്നിട്ടുള്ള ഹഡ്കോയുടെ സ്കീം. അതുപോലെ ചേർത്തല, മാരാരിക്കുളം, അരൂർ എന്നീ നിയോജകമണ്ഡലങ്ങൾക്ക് പ്രയോജനം കിട്ടുന്നതാണ് ജപ്പാൻ കുടിവെള്ള പദ്ധതി. കോഴിക്കോട്ടുള്ള പ്രോജക്ട്, തിരുവനന്തപുരത്തുള്ള പ്രോജക്ട് തുടങ്ങിയവയിലെല്ലാംതന്നെ നമ്മുടെ തീരപ്രദേശങ്ങൾക്ക് പ്രാമുഖ്യം കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. ബാബു : സർ, രാജ്യത്തെ നദികളെയെല്ലാം ഇന്റർലിങ്ക് ചെയ്യുന്ന ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ കേരള ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ; കേന്ദ്ര ഗവൺമെന്റുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ എന്നുള്ളതുകൂടി വ്യക്തമാക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, നദികളുടെ ഇന്റർ ലിങ്കിംഗിനെ സംബന്ധിച്ചിടത്തോളം, കേരളത്തിൽ അത് സ്വീകാര്യമായ ഒരു സംഗതിയല്ല. കേരളത്തിലെ നദികളെ തമ്മിൽ ബന്ധിപ്പിക്കേണ്ട കാര്യമില്ല. പമ്പ, അച്ചൻകോവിൽ, വൈപാർ ലിങ്കിംഗ് ഒരു പ്രൊപ്പോസലായിട്ട് നാഷണൽ വാട്ടർ ഡവലപ്മെന്റ് ഏജൻസി കൊണ്ടുവന്നു. നമ്മൾ സമ്മതിച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഗംഗ-കാവേരി ലിങ്ക് പ്രധാനമാണ്. അതി നാണ് പ്രാധാന്യം എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് ഹിമാലയൻ

LIBRARY ARCHIVES Kerala Legislative Assembly

കംപോണന്റിൽനിന്നും പെനിൻസുലാർ കംപോണന്റിലേക്ക് വെള്ളം കൊണ്ടുവരിക എന്ന പുതിയ ഒരു ആശയത്തിന്റെ അടിസ്ഥാനത്തിലാണ്. മറ്റൊരു പ്രൊപ്പോസൽ വന്നിരിക്കുന്നത് 300 മീറ്റർ കോണ്ടൂറിൽക്കൂടി ഒരു കനാൽ നിർമ്മാണം. അതിനകത്ത് മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, കേരളം, തമിഴ്നാട്, കർണ്ണാടകം എന്നീ സ്റ്റേറ്റുകളെയാണ് ഉദ്ദേശിക്കുന്നത്. അങ്ങനെ വരുമ്പോൾ ഇടുക്കി ഡാമും മുല്ലപ്പെരിയാർ ഡാമും അതിന്റെ പരിധിയിൽ വരും. അങ്ങനെ വന്നാൽ നമുക്കായിരിക്കും ഏറ്റവും കൂടുതൽ നഷ്ടം. ഇവിടത്തെ വെള്ളം തമിഴ്നാട്ടിന് കൊണ്ടുപോകുവാൻ വളരെ എളുപ്പമാകും. നമ്മളെ സംബന്ധിച്ചിടത്തോളം, കേരളത്തിലെ നദികളുടെ 300 മീറ്റർ കോണ്ടൂർ ലെവലിലുള്ള ലിങ്കിംഗ്, അതിനുള്ള സർക്കുലേഷനിൽ പ്ലാൻ ചെയ്യേണ്ട കനാലുകൾ എന്നിവയൊന്നും നമുക്ക് എഗ്രീ ചെയ്യാൻ സാധിക്കുകയില്ല.

ശ്രീ. ടി. കെ. ബാലൻ : മഴവെള്ളം സംരക്ഷിക്കുവാൻ വേണ്ടിയുള്ള റെയിൻ ഹാർവെസ്റ്റിംഗ് സ്കീം ഗവൺമെന്റ് പ്രഖ്യാപിച്ചു. ഇത് നല്ലൊരു കാര്യമാണ്. പക്ഷേ, ജനകീയ പങ്കാളിത്തത്തോടുകൂടി ഈ പദ്ധതി നടപ്പിലാക്കാൻ നമ്മുടെ തെരഞ്ഞെടുക്കപ്പെട്ട ത്രിതല പഞ്ചായത്തുകൾക്ക് വേണ്ട ഫണ്ട് ഈ സ്കീമിനും കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : ത്രിതലപഞ്ചായത്തുകൾക്ക് നമ്മളിപ്പോൾ 30 ശതമാനം ഗ്രാന്റ് കൊടുക്കുന്നുണ്ട്. ഞങ്ങൾ അതിന് വൈഡ് പബ്ലിസിറ്റി കൊടുത്തിട്ടുണ്ട്. കുറേ സ്കീംസ് ഞങ്ങൾ തന്നെ എടുത്ത് നടപ്പിലാക്കുന്നുണ്ട്. ഇതുകൂടാതെ വോളന്ററി ഏജൻസീസ് മുന്നോട്ട് വന്ന് അവരും കുറേ സ്കീംസ് ചെയ്യുന്നുണ്ട്. ലഭ്യമാകുന്ന പണത്തിൽനിന്ന് റെയിൻ വാട്ടർ ഹാർവെസ്റ്റ് ചെയ്യാൻ കഴിയുന്ന സ്കീം അവർക്കുതന്നെ ഉണ്ടാക്കാം. ഇതിനായി പ്രത്യേക ഫണ്ട് നമുക്ക് കൊടുക്കാൻ കഴിയുമെന്ന് കഴിയുമോയെന്ന് എനിക്ക് അറിഞ്ഞുകൂടാ. അത് മറ്റ് നിലയിലൊക്കെ ആലോചിക്കേണ്ട കാര്യമാണ്.

ശ്രീ. എം. എ. വാഹീദ് : സർ, ജലസമ്പത്തിന്റെ ശാസ്ത്രീയമായ പഠനത്തിന്റെ അഭാവത്തിൽ പല കുടിവെള്ള പദ്ധതികളും പ്രവർത്തന രഹിതമായി കിടക്കുന്നു. എന്റെ മണ്ഡലത്തിൽത്തന്നെ മംഗലപുരം, പോത്തൻകോട്, അണ്ടൂർക്കോണം അതുപോലെ ആറ്റിപ്ര എന്നീ പ്രദേശങ്ങളിലെ വാട്ടർ സപ്ലൈ സ്കീം വെള്ളം ലഭ്യമല്ലാത്തതുകൊണ്ട് അനാഥമായി കിടക്കുന്നു. ഇതിനെ പ്രവർത്തനക്ഷമമാക്കാൻ എന്തെങ്കിലും പുതിയ പഠനം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ? ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : പഠനത്തിന്റെ ആവശ്യമില്ല. വാട്ടർ സപ്ലൈ സ്കീം ആരംഭിക്കുമ്പോൾ ഒരു സോഴ്സ് എവിടെയെങ്കിലും കണ്ടെത്തും. അതിൽനിന്നാണ് തുടങ്ങുക. സോഴ്സ് വറ്റിപ്പോകുന്ന സാഹചര്യം പലയിടത്തും ഉണ്ടാകുന്നുണ്ട്. അതിന് ആൾട്ടർനേറ്റീവ് സോഴ്സ് കണ്ടുപിടിക്കാതെ എങ്ങനെ റിവൈവ് ചെയ്യാൻ സാധിക്കുമെന്നത് മാത്രമേ നോക്കേണ്ടതുള്ളൂ. അതിന് പ്രത്യേക പഠനത്തിന്റെ ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ : സർ, നമ്മുടെ സ്വാഭാവിക ജലസ്രോതസ്സുകളും സംഭരണികളും അങ്ങേയറ്റം ദുർബലപ്പെട്ടുവരികയാണ്. ബഹുമാനപ്പെട്ട മന്ത്രിതന്നെ ഒരു ചടങ്ങിൽ ഇതുസംബന്ധിച്ച് പറഞ്ഞത്, മുറ്റം കോൺക്രീറ്റ് ചെയ്യുന്നതും കരിങ്കല്ല് പാകി മോടിപിടിപ്പിക്കുന്നതുംവരെ നമ്മുടെ കിണറുകളിലെ ജലശേഖരണത്തെ ബാധിക്കുന്നുണ്ട് എന്നാണ്. ഇവിടെ മുമ്പ് ചോദ്യം ഉന്നയിച്ച ബഹുമാനപ്പെട്ട ഒരു എം.എൽ.എ. സൂചിപ്പിച്ചതിൽനിന്ന്, നെൽവയൽ സംരക്ഷണത്തിന്റെ അനിവാര്യത ഇത് ബോദ്ധ്യമാക്കുകയാണ്. അതിനുവേണ്ടി നടത്തിയ സമരത്തെ എങ്ങനെ ചിത്രീകരിച്ചു എന്ന സംഭവങ്ങളൊക്കെ നമ്മുടെ മുമ്പിലുണ്ട്. ഈ സാഹചര്യത്തിൽ നമ്മുടെ ജലസമ്പത്ത് സംരക്ഷിക്കുന്നതിന്, നെൽവയൽ സംരക്ഷിക്കുന്നതിന്, അതുപോലെതന്നെ പുഴകൾ ഒക്കെ ഇപ്പോഴത്തെ രൂപത്തിൽ കുറേക്കൂടി ശക്തിപ്പെടുത്തി നിലനിർത്തുന്നതിന് സമഗ്രവും സർവ്വതല സ്പർശിയുമായ ഒരു നിയമം കൊണ്ടുവരുന്നതിന്, ഈ ജലസമ്പത്ത് ഇല്ലെങ്കിൽ ഇങ്ങനെയൊരു വകുപ്പുതന്നെ ആവശ്യമില്ലാതെ വരും. അതിന് റവന്യൂ വകുപ്പിൽനിന്നും നീതി പ്രതീക്ഷിക്കുന്നില്ല. അതിന് ബഹുമാനപ്പെട്ട മന്ത്രിതന്നെ മുൻകൈ എടുത്ത്, സർക്കാർ അത്തരത്തിലൊരു നിയമം കൊണ്ടുവരാൻ തയ്യാറാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : ഇന്നലത്തെ ഓൾ പാർട്ടി മീറ്റിംഗിൽ വന്ന ഒരു നിർദ്ദേശമെന്ന് പറയുന്നത്, വാട്ടർ റിസോഴ്സ് സംരക്ഷിക്കുവാൻ സമഗ്രമായ ഒരു നിയമം വേണം ; അതോടൊപ്പംതന്നെ നമ്മുടെ നിലവിലുള്ള ഡാമുകളുടെ സുരക്ഷ ഉറപ്പാക്കാൻ അതിനകത്ത് പ്രൊവിഷൻ വേണം. ഈ രണ്ട് ആശയങ്ങളും കൂടി വച്ചിട്ടാണ് നമ്മൾ ആ നിയമത്തെ സംബന്ധിച്ച് ആലോചിക്കുന്നത്. 10 നിയമങ്ങൾ ജലസേചനവകുപ്പിനെ സംബന്ധിച്ച് കേരളത്തിൽ നിലവിലുണ്ട്. 1863 മുതലുള്ള നിയമങ്ങളുണ്ട്. ഇതിനകത്ത് കുറച്ച് മാറ്റങ്ങൾ ആവശ്യമാണ്. അതിനകത്ത് ഈ പറഞ്ഞ ആസ്പെക്ട്സൊക്കെ നമുക്ക് ഡിസ്ക്കസ് ചെയ്യുകയും ഇൻകോർപ്പറേറ്റ് ചെയ്യാവുന്നത് ഇൻകോർപ്പറേറ്റ് ചെയ്യുകയും ചെയ്യാം.

ശ്രീ. കെ. സി. വേണുഗോപാൽ : ഗ്രൗണ്ട് വാട്ടർ നൽകുന്ന വെള്ളത്തിന്റെ പാരാമീറ്റർ എടുത്തു നോക്കിയാൽ, ഫ്ളൂറൈഡ് കണ്ടന്റടക്കം പല ഭാഗങ്ങളിലും അവ വ്യാപകമാണ്. ഇതൊഴിവാക്കാനാണ് നമ്മൾ ജലസ്രോതസ്സുകളെ ഡിപ്പെന്റ് ചെയ്യുന്നത്. ജലസ്രോതസ്സുകളും ഇപ്പോൾ മലിനമായിക്കൊണ്ടിരിക്കുകയാണ്. പെരിയാർ, ഭാരതപ്പുഴ, പമ്പയാർ തുടങ്ങിയ നദികളൊക്കെ ഫാക്ടറികളിൽ നിന്നും ഒഴുകുന്ന മാലിന്യങ്ങളും മറ്റു മാലിന്യങ്ങളും വീണ് നശിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ നദികൾ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു റിവർ ആക്ഷൻ പ്ലാനിന് പ്രത്യേകമായി രൂപം നൽകാൻ അങ്ങ് തയ്യാറാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങളൊക്കെ വസ്തുതകളാണ്. റിവർ ആക്ഷൻ പ്ലാനിന്റെ അപര്യാപ്തത കൊണ്ടല്ല ഇങ്ങനെ നദികളിൽ മാലിന്യം നിറയുന്നത്. പെരിയാറിനെ സംബന്ധിച്ചാണെങ്കിലും പമ്പയാറിനെ സംബന്ധിച്ചാണെങ്കിലും പഠനം

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയിട്ടുണ്ട്. പമ്പാ ശുചീകരണത്തെ സംബന്ധിച്ച് വളരെ ബൃഹത്തായ ഒരു പദ്ധതി നമ്മൾ കേന്ദ്ര ഗവൺമെന്റിന് സബ്മിറ്റ് ചെയ്തു. അവർ അതിൽ 18 കോടി രൂപയാണ് ആദ്യഘട്ടമെന്ന നിലയിൽ സാങ്ഷൻ ചെയ്തത്. അതിന്റെ 30 ശതമാനം സ്റ്റേറ്റ് ഗവൺമെന്റ് മുടക്കണം. ആക്ഷൻ പ്ലാനിന്റെ കുറവു കൊണ്ടാണെന്ന് പറയാൻ സാദ്ധ്യമല്ല. നമ്മുടെ നദികൾ സംരക്ഷിക്കേണ്ടതാണ്. നമ്മുടെ പ്രധാനപ്പെട്ട നദികളെല്ലാം മാലിന്യങ്ങൾ കൊണ്ടു നിറയുന്നുണ്ട്. അതിന് എന്തെല്ലാം ചെയ്യാൻ കഴിയുമോ അതെല്ലാം ചെയ്യാൻ ഗവൺമെന്റ് സന്നദ്ധമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ശ്രീ. പി. നാരായണൻ : സർ, ഉപ്പുവെള്ളം ഉൾപ്പെടെ ധാരാളം ജലസമ്പത്ത് നമുക്കുണ്ട്. വിദേശനാടുകളിൽ ഉപ്പുവെള്ളം ശുദ്ധീകരിച്ച് ജനങ്ങൾക്ക് കൊടുക്കുന്നതുപോലെ നമ്മുടെ നാട്ടിലും ഉപ്പുവെള്ളം ശുദ്ധീകരിച്ച് ജനങ്ങൾക്ക് കൊടുക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ഒരു പഠനം നടത്തുമോ ; അതിന് തയ്യാറാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : ഇങ്ങനെ ഒരു യൂണിറ്റ് വൈപ്പിനിൽ സ്ഥാപിച്ചിട്ടുണ്ട്. കടലിൽ നിന്നും വെള്ളമെടുത്ത് ശുദ്ധീകരിച്ച് ജനങ്ങൾക്ക് സപ്ലൈ ചെയ്യാൻ വേണ്ടിയിട്ട്. പക്ഷേ, അതിൽ വരുന്ന പ്രധാനപ്പെട്ട സംഗതി, ഉപ്പുവെള്ളം ശുദ്ധീകരിച്ച് സപ്ലൈ ചെയ്യുമ്പോൾ അതിന്റെ കോസ്റ്റ് വളരെ കൂടുതലാണ്. അതുകൊണ്ട് കേരളത്തിൽ വ്യാപകമായി അത്തരം ഒരു പരീക്ഷണത്തിലേക്ക് പോകാൻ സാദ്ധ്യമല്ല. കേരളത്തെ സംബന്ധിച്ചിടത്തോളം അതിനേക്കാൾ മെച്ചം മറ്റു സ്ഥലങ്ങളിൽനിന്നും വെള്ളം, ഉപ്പുവെള്ളം കിട്ടുന്ന പ്രദേശങ്ങളിലേക്ക് കൊണ്ടുവരുന്നതാണ്.

ശ്രീ. പി. ടി. തോമസ് : സർ, 44 നദികൾകൊണ്ട് സമൃദ്ധമായ കേരളത്തിൽ വെള്ളപ്പൊക്കക്കാലത്ത് രൂക്ഷമായ വെള്ളപ്പൊക്കവും, വരൾച്ചയിൽ രൂക്ഷമായ വരൾച്ചയുമാണ്. ഈ ജലസമ്പത്തിനെ സംബന്ധിച്ച് കേരളത്തിൽ 2 പഠനങ്ങൾ നടന്നിട്ടുണ്ട്. ഒന്ന്, പി.എച്ച്. വൈദ്യനാഥന്റെ 1957-58-ലുള്ളത്. രണ്ട്, 1974-ൽ ഭരതൻ നടത്തിയ പഠനം. ഈ പഠനങ്ങൾ തമ്മിൽ അടിസ്ഥാനപരമായി 2 വൈരുദ്ധ്യങ്ങളുണ്ട്. കേരളത്തിൽ മൊത്തം ലഭിക്കുന്ന ജലസമ്പത്തിനെയാണ് കണക്കാക്കേണ്ടതെന്ന് വൈദ്യനാഥനും, ഉപയോഗിക്കുന്ന ജലമാണ് കണക്കാക്കേണ്ടതെന്ന് ഭരതനും സ്ഥാപിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ പദ്ധതികളിലും പരിപാടികളിലും വലിയ വ്യതിയാനം വന്നിട്ടുണ്ട്. എന്നാൽ ഇവ രണ്ടും മാറ്റിവച്ചുകൊണ്ട് ഒരു ശാസ്ത്രീയ പഠനം സമയബന്ധിതമായി നടത്തി നമ്മുടെ ഈ പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. ടി. എം. ജേക്കബ് : അദ്ദേഹം പറഞ്ഞ രണ്ടു പഠന റിപ്പോർട്ടുമുണ്ട്. അതിനുപുറമേ ഒരു വൈറ്റ് പേപ്പർ Water Resources of Kerala തയ്യാറാക്കിയിട്ടുണ്ട്. അതിന് ചില updations കൂടി ആവശ്യമായിട്ടുണ്ട്. ഈ വർഷംതന്നെ ആ വൈറ്റ് പേപ്പർ പ്രസിദ്ധീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഒരു പോയിന്റ് മാത്രം ചൂണ്ടിക്കാണിക്കട്ടെ. കേരളത്തെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് 44 നദികളുണ്ടെന്ന് നമ്മൾ എല്ലാപേരും പറയുന്നുണ്ട്. നമ്മുടേതിന്റെ total discharge 78,041 Million M^3 ആണ്. അതേസമയം ഗോദാവരി എന്ന് പറയുന്ന ഒറ്റ നദിയുടെ Annual discharge 1,05,000 million M^3 ആണ്. നമുക്കിവിടെ ഒരുപാട് നദികളുണ്ട്, ഒരുപാട് വെള്ളമുണ്ട് എന്ന് പറയുന്നതിൽ കഥയില്ല. നദികളുടെ നിർവ്വചനത്തിൽ വരുന്ന ഒരു നദിയും കേരളത്തിലില്ല.

ശ്രീ. എം. കുമാരൻ : സർ, കേരളത്തിൽ പ്രധാനപ്പെട്ട 44 നദികളുണ്ടെന്ന് പറയുന്നു. ഈ 44 നദികളിൽ 12-ഓളം നദികൾ കാസർഗോഡ് ജില്ലയിലൂടെ ഒഴുകുന്നുണ്ട്. എന്നാൽ, ഒരു തരത്തിലുള്ള ജലസേചന പദ്ധതിയും കാസർഗോഡ് ജില്ലയിലില്ല. കാസർഗോഡ് ജില്ലയുടെ സമഗ്ര കാർഷിക വികസനം വച്ചുകൊണ്ട് ചന്ദ്രഭാനു കമ്മിഷൻ നിർദ്ദേശിച്ച കാക്കടവ്, പഴശ്ശിനി, മൂന്നാംകടവ് എന്നീ പദ്ധതികൾ തുടങ്ങാൻ ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : ചോദ്യവുമായിട്ട് ബന്ധപ്പെട്ടതല്ലെങ്കിലും, പല പ്രോജക്ടുകളും തുടങ്ങിയപ്പോഴുള്ള സ്ഥിതി മെമ്പർക്കറിയാം. ഏത് പ്രോജക്ട് തുടങ്ങുമ്പോഴും അതിന് ചില പ്രശ്നങ്ങൾ വരുന്നുണ്ട്. ഒരു ഭാഗത്ത് വെള്ളം കയറുമ്പോൾ മുങ്ങിപ്പോകുന്ന പ്രദേശങ്ങൾ, എന്നാൽ അതുകൊണ്ട് ഗുണം കിട്ടുന്നവരുമുണ്ട്. ഇങ്ങനെ 2 ഭാഗമായിട്ട് തിരിഞ്ഞുള്ള പ്രശ്നങ്ങളാണ്. അതുതന്നെയാണ് തിരുവനന്തപുരത്തെ വാമനപുരം പദ്ധതിയിലുമുള്ളത്. ഇതിനൊക്കെ രമ്യമായ പരിഹാരമുണ്ടാകുമെങ്കിൽ പദ്ധതികളെ സംബന്ധിച്ച് നമുക്ക് ആലോചിക്കാം, നമ്മുടെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് നമുക്ക് ആലോചിക്കാം.

ശ്രീ. ഇ. എം. അഗസ്തി : സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ, നമ്മുടെ രാജ്യമാസകലം ചർച്ച ചെയ്യുന്ന river linking programme-നെ സംബന്ധിച്ചും നദികൾ യോജിപ്പിക്കുന്ന പദ്ധതിയിലുള്ള കേരളത്തിന്റെ ആശങ്കകളെക്കുറിച്ചും സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ രാജ്യത്തെ പ്രധാന നദികളൊഴുകുന്ന സംസ്ഥാനങ്ങളായ ഒറീസ്സ, പഞ്ചാബ്, ഹരിയാന എന്നീ സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ ശക്തമായ രാഷ്ട്രീയ വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. സംസ്ഥാന നിയമസഭതന്നെ പ്രമേയം പാസ്സാക്കി, ഈ പദ്ധതി നടപ്പിലാക്കുമ്പോൾ, അതിന്റെ ദോഷവശങ്ങളെ സംബന്ധിച്ച് സമഗ്രമായ ഒരു പഠനം നടത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോടാവശ്യപ്പെട്ടിട്ടുണ്ട്. നമ്മളെ സംബന്ധിച്ചിടത്തോളം അന്തർസംസ്ഥാന നദീജല കരാറിൽ, കാവേരി കാര്യത്തിലാണെങ്കിലും തമിഴ്നാടിന്റേയും കർണ്ണാടകത്തിന്റേയും തർക്കത്തിൽ നമുക്ക് മാപ്പുസാക്ഷിയാകേണ്ട ദുരവസ്ഥയാണുണ്ടായത്. ഈ ദുരവസ്ഥ നദികൾ കൂട്ടി യോജിപ്പിക്കുന്ന പദ്ധതിയിലെങ്കിലും സംഭവിക്കാതിരിക്കാൻ, ഈ നിയമസഭയെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് രാഷ്ട്രീയ സമ്മർദ്ദം നടത്തുന്നതിന് ഗവൺമെന്റ് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : ഇന്നലെ നടന്ന ചർച്ചയിൽ പല വിഷയങ്ങളും വന്നു. ആ കൂട്ടത്തിൽ ഉന്നയിക്കപ്പെട്ട ഒരു നിർദ്ദേശം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടിയിൽ അദ്ദേഹം സമ്മതിച്ചതുമായ ഒരു സംഗതി, നമുക്ക് പൊതുവായി താൽപ്പര്യമുള്ള കാര്യങ്ങളിൽ നിയമസഭയുടെ Business Advisory Committee യുമായി കൂടിയാലോചിച്ച്, നമുക്കാവശ്യമായ കാര്യങ്ങളിൽ പൊതുവായ resolution നമുക്ക് പാസ്സാക്കാമെന്നും അത് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കാമെന്നും ആണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഈ ആസ്പെക്ട്സ് കേന്ദ്ര ഗവൺമെന്റിനെ നമ്മൾ അറിയിച്ചിട്ടുണ്ട്. ചർച്ചകളിൽ പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും Water Resources മന്ത്രിക്കും കത്തെഴുതിയിട്ടുണ്ട്. നമ്മുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, ജലസമ്പത്ത് സംരക്ഷിക്കുന്നതിനെ സംബന്ധിച്ച് നമ്മുടെ എഞ്ചിനിയറിംഗ് വിംഗിനുതന്നെ ഒരു കാഴ്ചപ്പാടില്ല. കേരളത്തിൽ പെയ്യുന്ന മഴവെള്ളം മുഴുവനും നദികളിലേക്ക് ചാലുകൾ വഴിയും തോടുകൾ വഴിയും തുറന്നു വിടുകയാണ്. ഇത് നദികളിൽനിന്ന് കടലിലേക്ക് പോകുകയാണ്. ഈ ജലസമ്പത്തിനെ സംരക്ഷിക്കുന്നതിനുവേണ്ടി കേരളത്തിൽ നീർത്തടാധിഷ്ഠിത വികസന പദ്ധതി, അത് തൃത്താലയിലും പേരാമ്പ്രയിലും നടന്നു വരുന്നുണ്ട്. ഈ നീർത്തടാധിഷ്ഠിത വികസന പദ്ധതിക്ക് കേരളത്തിന്റെ ജലസമ്പത്തിനെ സംരക്ഷിക്കുവാൻ കഴിയും. ഈ നീർത്തടാധിഷ്ഠിത വികസന പദ്ധതി നടപ്പിലാക്കി വരുന്ന തൃത്താലയ്ക്കും, പേരാമ്പ്രയ്ക്കും ജലസമ്പത്ത് സംരക്ഷിക്കുന്നതിന് ആവശ്യമായ ഫണ്ട് നൽകാനും, ഈ പദ്ധതി കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും നടപ്പിലാക്കാനും ശ്രദ്ധിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യത്തിന് അദ്ദേഹത്തിന്റെ ചോദ്യത്തിൽതന്നെ മറുപടിയും വന്നിട്ടുണ്ട്. ഇത് നമ്മൾ ഒരു പ്രിലിമിനറി എന്നുള്ള നിലയിൽ എടുത്ത് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. അതിനുള്ള പണം നമ്മൾ കൊടുക്കുന്നുണ്ട്. ഇത് വ്യാപിപ്പിക്കണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. എടുത്ത പ്രോജക്ട് പൂർത്തിയാക്കാനും, ഭാവിയിലാവശ്യമായ അത്യാവശ്യ സ്ഥലങ്ങളിൽ ഇത് ചെയ്യുന്നതിനുമുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. പണം കൊടുക്കുമെന്ന് ഞാൻ പറഞ്ഞു. അതിന്റെ അർത്ഥം അതുതന്നെയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, നമ്മുടെ കാത്തുസൂക്ഷിക്കേണ്ട ജലസമ്പത്തുകളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് മുല്ലപ്പെരിയാർ. ഈ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ജലവിതാനം 136 അടിയിൽനിന്നും ഉയർത്തിയാൽ അത് പൊട്ടാൻ ഇടയുണ്ട് എന്നുള്ള കേരളത്തിന്റെ വാദം നിരാകരിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റ് തമിഴ്നാടിന്റെ താൽപ്പര്യം സംരക്ഷിക്കുവാൻ വേണ്ടി ജലനിരപ്പ് 142 അടിയായി ഉയർത്തണമെന്നുള്ള നിലയിലേയ്ക്ക് ഒരു തീരുമാനമെടുത്തുകൊണ്ട് നീങ്ങുകയാണ്. ഇത് കേരളത്തിലെ ജനങ്ങളെയാകെ ഉൽക്കണ്ഠാകുലർ ആക്കിയിരിക്കുകയാണ്. എന്നാൽ ആ അണക്കെട്ട് പൊട്ടിയാൽ ഇടുക്കി, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലെ ലക്ഷക്കണക്കിന് ജനങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

ശവശരീരങ്ങളായിരിക്കും അറേബ്യൻ കടലിലേക്കെത്തുക എന്ന് മാത്രമല്ല, ഇടുക്കി ജലവൈദ്യുത പദ്ധതി അതിൽ ഒഴുകിപ്പോകുന്നതുമാണ്. ഇതുസംബന്ധിച്ച കേന്ദ്രഗവൺമെന്റിന്റെ ഏകപക്ഷീയമായ സമീപനത്തെ നേരിടാൻ, ഇതുമൂലം അപകടം വരുന്ന സ്ഥിതി ചൂണ്ടിക്കാണിച്ചുകൊണ്ട് ഇലക്ട്രിസിറ്റി വകുപ്പ് ഇതിനെതിരായി ഒരു കേസ് സുപ്രീം കോടതിയിൽ കൊടുക്കേണ്ടത് തികച്ചും ന്യായമാണ്. അതുപോലെതന്നെയാണ് വനം വകുപ്പിലുമുണ്ടാകുന്നത്. വനം വെള്ളത്തിൽ മുങ്ങുകയും വനത്തിൽ കഴിയുന്ന വിലപിടിപ്പുള്ള മൃഗങ്ങൾ നശിക്കുകയും ചെയ്യുന്ന ആപത്ത് ഇതോടുകൂടി ഉണ്ടാകുന്നതാണ്. ഈ നീക്കത്തിനെതിരായി വനംവകുപ്പും ഇലക്ട്രിസിറ്റി വകുപ്പും കൂടി ചേർന്ന് ഈ രൂപത്തിൽ കാര്യങ്ങൾ ഉയർത്തിപ്പിടിക്കാൻ വേണ്ടി 2 കേസ്സുകൾ കൊടുക്കുന്നതു സംബന്ധിച്ച് ഈ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചതായി പറയാൻ കഴിയുമോ ?

ശ്രീ. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആദ്യം പറഞ്ഞ ഭാഗത്തോട് ആർക്കും വിയോജിപ്പില്ല. മുല്ലപ്പെരിയാർ ഡാമിന്റെ full reservoir level എന്ന് പറയുന്നത് +155 ആണ്. അത് ഡാമിന് ബലക്ഷയം ഉണ്ടായ സന്ദർഭത്തിൽ ഒരു വിദഗ്ദ്ധ കമ്മിറ്റി വന്ന് പരിശോധന നടത്തിയ ശേഷമാണ് വാട്ടർ ലെവൽ +136 അടിയിലേക്ക് താഴ്ത്തിക്കൊണ്ടുവന്നത്. അതിനുശേഷം തമിഴ്നാട് ഡാം ബലപ്പെടുത്തി എന്ന് പറഞ്ഞു. അതിനുശേഷം ജലനിരപ്പ് ഉയർത്തിക്കിട്ടണമെന്ന് അവർ പറഞ്ഞു. ഇതിന്റെ സുരക്ഷ പരിശോധിക്കുന്ന ഉദ്യോഗസ്ഥൻമാർ വന്ന് പരിശോധന നടത്തി. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജലവിതാനം ഉയർത്തണമെന്ന ഒരു നിർദ്ദേശം വന്നു. ആ നിർദ്ദേശത്തോട് സംസ്ഥാന ഗവൺമെന്റ് യോജിച്ചില്ല. 2000-ലാണ് ഏറ്റവും അവസാനം പരിശോധനയും കാര്യങ്ങളും നടന്നത്. സുപ്രീം കോടതിയുടെ ഡയറക്ഷൻ പ്രകാരമാണ് വിദഗ്ദ്ധ കമ്മിറ്റി പരിശോധനയ്ക്ക് വന്നത്. ഇവിടെ 2 ആസ്പെക്ട്സാണ് അങ്ങ് സൂചിപ്പിച്ചത്. ജലവിതാനം ഉയർത്തിയാൽ കൂടുതൽ കാട് മുങ്ങുന്നു ; പിന്നെ അവിടത്തെ വന്യജീവികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട്. പിന്നെ വൈദ്യുതിയെ സംബന്ധിച്ച് നമുക്കുണ്ടാകുന്ന പ്രശ്നങ്ങൾ. ഈ ആസ്പെക്ട്സെല്ലാം കണക്കിലെടുത്തുകൊണ്ട് നമ്മൾ സുപ്രീം കോടതിയിൽ സത്യവാങ്മൂലം കൊടുത്തിട്ടുണ്ട്. സുപ്രീം കോടതിയെ ധരിപ്പിക്കുന്നതിനുള്ള എല്ലാ മെറ്റീരിയൽസും നമ്മൾ ശേഖരിച്ചിട്ടുണ്ട്. ഈ കേസ് ഓരോ ഡിപ്പാർട്ടുമെന്റായിട്ട് നടത്തേണ്ട കാര്യമില്ല. സംസ്ഥാന ഗവൺമെന്റിന്റെ പൊതുവായ താൽപ്പര്യം സംരക്ഷിക്കേണ്ടതാവശ്യമാണ്. 106 വർഷമാണ് ഈ ഡാമിന്റെ പഴക്കം. പഴയ ടെക്നോളജിയിൽ തീർത്ത ഡാമാണ്. ലോകത്ത് അത്രയും പഴക്കമുള്ള ഒരു ഡാമില്ല. വാട്ടർ ലെവൽ ഉയർത്തുന്ന കാര്യം ഒരിക്കലും ആലോചിക്കാൻ കൂടി സാദ്ധ്യമല്ല. ഇതിന്റെയെല്ലാം കാര്യകാരണങ്ങൾ സഹിതം സുപ്രീം കോടതിയെ ബോദ്ധ്യപ്പെടുത്താൻ കഴിയത്തക്ക നിലയിലുള്ള ഡാറ്റാസുമായി അതിനുള്ള സത്യവാങ്മൂലം കൊടുത്തു കഴിഞ്ഞിട്ടുണ്ട്. ആ കേസ് ഏത് സന്ദർഭത്തിലും സുപ്രീം കോടതിയുടെ പരിഗണനയിൽ വരും. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ചെയ്യേണ്ട എല്ലാ കാര്യങ്ങളും ഭംഗിയായിത്തന്നെ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. മുഹമ്മദ് : സർ, ലോക ബാങ്കിനെപ്പോലെയും, ഡച്ച് ഗവൺമെന്റിനെപ്പോലെയും രാജ്യത്തെ ചെറുകിട ജലസേചന പദ്ധതികളുടെയും ജലസമ്പത്തിന്റെയും ഉപയോഗം വർദ്ധിപ്പിക്കുന്നതിനുമുള്ള ഒരു പദ്ധതിയാണ് ഇ.ഇ.സി. പക്ഷേ, ഇ.ഇ.സി: കൊടുക്കുന്ന പല പദ്ധതികൾക്കും അംഗീകാരം ലഭിക്കാത്തതുമൂലം വളരെയധികം പ്രയാസം അനുഭവിക്കുകയാണ്. ഇതിനിടയിലുണ്ടാക്കിയ unit cost revision പദ്ധതി ഈ പദ്ധതിയെ ഫലത്തിൽ മന്ദഗതിയിലാക്കി. കഴിഞ്ഞ സാമ്പത്തികവർഷം 50 ശതമാനമാണ് ഈ സംഖ്യ ചെലവഴിച്ചത്. അതുകൊണ്ട് ഇ.ഇ.സി. പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനും അതിന്റെ നിബന്ധന ലഘൂകരിക്കുന്നതിനും ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : അതിനുള്ള നിബന്ധനകൾ ഏകപക്ഷീയമായി നമുക്ക് റിവൈസ് ചെയ്യാൻ സാദ്ധ്യമല്ല. ഇത് ഫലപ്രദമായി നടപ്പിലാക്കാൻ പ്രായോഗികമായി വന്നിട്ടുള്ള ചില വിഷയങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. എ. കെ. മണി : സർ, ഏറ്റവും കൂടുതൽ ജലസമ്പത്തുള്ള ഇടുക്കി ജില്ലയിൽ, കഴിഞ്ഞ കാലഘട്ടങ്ങളിൽ, നെതർലാൻഡ് ഏജൻസിയുമായി കൂടിവെള്ളത്തിന് വേണ്ടി ചർച്ച ചെയ്യുമ്പോൾ ഉയർന്നുവന്നിട്ടുള്ള ആക്ഷേപം എന്നുപറഞ്ഞാൽ ഫോറസ്റ്റ് വകുപ്പാണ് ഈ കുടിവെള്ളം കൊടുക്കുന്ന കാര്യത്തിൽ എതിർപ്പ് ഉണ്ടാക്കുന്നത് എന്നാണ്. അങ്ങനെ ധാരാളം സ്കീമുകൾ എന്റെ മണ്ഡലത്തിൽ മുടങ്ങിക്കിടക്കുകയാണ്. ഈ സ്കീമുകൾ തുടങ്ങുന്നതിന് മുൻപ് ഫോറസ്റ്റ് വകുപ്പുമായി ബന്ധപ്പെടുകയും ഫോറസ്റ്റ് വകുപ്പിൽ നിന്നുള്ള അഭിപ്രായം സ്വരൂപിച്ചുകൊണ്ട് അവരുടെ എതിർപ്പില്ലാതെ ഈ സ്കീമുകൾ നടത്താൻ വേണ്ടിയുള്ള നടപടി സ്വീകരിക്കുകയും ചെയ്യുമോ ?

ശ്രീ. ടി. എം. ജേക്കബ് : 1980-ൽ നിലവിൽ വന്ന സെൻട്രൽ ഫോറസ്റ്റ് ആക്റ്റിലെ ചില നിയന്ത്രണങ്ങൾ നമ്മളെല്ലാവരും പാലിക്കാൻ ബാദ്ധ്യസ്ഥരാണ്. നെതർലാൻഡ് ഗവൺമെന്റിന്റെ ഈ സ്കീമിന് ഫൈനലായിട്ട് സാംഗ്ഷൻ കിട്ടിയിട്ടില്ല. ഈ പ്രോജക്റ്റിന് അങ്ങനെ പ്രത്യേകമായി എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ അത് ഗവൺമെന്റ് ഒന്നുകൂടി ടേക്കപ്പ് ചെയ്യാം. നമ്മുടെ സ്റ്റേറ്റിന് മാത്രമായിട്ട് ക്ലിയറൻസ് കിട്ടേണ്ട ഒരു വിഷയമല്ല ഇത്. ഏത് സ്കീമിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിച്ചതെന്ന് എനിക്ക് അറിഞ്ഞുകൂടാ. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ പ്രത്യേകമായിട്ട് പരിശോധിച്ച് നടപടി സ്വീകരിക്കാം.

ശ്രീ. എ. കെ. ബാലൻ : പാലക്കാട് ജില്ലയിലെ കർഷകരുടെ ആശങ്ക മാറ്റുന്നതിന് വേണ്ടിയാണ് എന്റെ ഈ സപ്ലിമെന്ററി ചോദ്യം. കേരളത്തിൽ 37 വർഷം മുൻപാണ് കെ.എൽ.യു. നിയമം വന്നത്. അന്നുണ്ടായിട്ടുള്ള ഭൂമിയുടെ 60 ശതമാനം ഇപ്പോഴില്ല. 40 ശതമാനമേയുള്ളൂ. ആ സമയത്ത് പോലും പാലക്കാട് ജില്ലയിലെ 65 ശതമാനം നെൽപ്പാടങ്ങൾ നിലനിൽക്കുകയാണ്. അതിനുള്ള പ്രധാനപ്പെട്ട കാരണം, മലമ്പുഴ ഡാമിലെ വെള്ളമാണ്. മലമ്പുഴ

ഡാമിലെ വെള്ളം ഇംഗ്ലണ്ടിലെ ബിവെന്റി എന്നുപറയുന്ന ഒരു കമ്പനിക്ക് വിൽക്കുന്നതിന് വേണ്ടി ലെറ്റർ ഓഫ് ഇന്റെറസ്റ്റ്, അതാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ആ ഇന്റെറസ്റ്റ് ഇപ്പോൾ ഇന്റെറസ്റ്റായി തന്നെ നിലനിൽക്കുന്നുണ്ടോ ? ആ ഇന്റെറസ്റ്റുമായി ബന്ധപ്പെട്ടുകൊണ്ട് എത്ര ലക്ഷം രൂപയാണ് നമ്മുടെ പൊതുഖജനാവിലേയ്ക്ക് ടെൻഡർ കൊടുക്കുന്നതിന് വേണ്ടി ചെലവായിട്ടുള്ളത് എന്നുള്ളത് വിശദമാക്കാമോ? ഇപ്പോഴും ലെറ്റർ ഓഫ് ക്രെഡിറ്റ് അതേ രൂപത്തിൽ നിൽക്കുന്നുണ്ടോ ? പാലക്കാട് ജില്ലയിലെ കർഷകരുടെ ആശങ്ക മാറ്റുന്നതിന് വേണ്ടിയാണ് എന്റെ ഈ ചോദ്യം.

<u>ശ്രീ. ടി. എം. ജേക്കബ്</u> : ബഹുമാനപ്പെട്ട ബാലന് ഇക്കാര്യത്തെക്കുറിച്ച് നന്നായിട്ടറിയാം. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ സ്റ്റാൻഡ് വളരെ കാറ്റഗോറിക്കലായിട്ട് ഞങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്. ഈ ലെറ്റർ ഓഫ് ഇന്റെറസ്റ്റ് എന്നുപറഞ്ഞാൽ അത് ടെൻഡർ എന്നുള്ള നിലയിൽ നിങ്ങൾ വ്യാഖ്യാനിച്ചു. അങ്ങനെ ടെൻഡർ വിളിച്ചിട്ടില്ല. മലമ്പുഴ ഡാമിൽ ഇന്നുള്ള വെള്ളം കൃഷിയുടെ ഉപയോഗത്തിന് ശേഷം മാത്രമേ എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ മറ്റുള്ള കാര്യങ്ങൾക്ക് കൊടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുള്ളു. വിദേശ ഏജൻസികൾക്കൊന്നും കൊടുക്കാൻ ഉദ്ദേശിക്കുന്നില്ല. അതിനകത്ത് വെള്ളത്തിന്റെ ബുദ്ധിമുട്ട് നമുക്കുണ്ട്. ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ട അല്ലെങ്കിൽ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ട ഉടനെ തന്നെ അതിന്റെ യഥാർത്ഥ രൂപം മറ്റുള്ളവരെ ഞങ്ങൾ അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് അങ്ങനെ യാതൊരു ആശങ്കയും വേണ്ട. പാലക്കാട് ജില്ലയിലെ കർഷകർക്ക് കുടിവെള്ളം കൊടുക്കുക എന്നുള്ളതിനാണ് മുഖ്യമായും സ്ഥാനം കൊടുത്തിരിക്കുന്നത്. അതിനകത്ത് യാതൊരു മാറ്റവും ഗവൺമെന്റ് ഉണ്ടാക്കിയിട്ടില്ല. ഇനിയെങ്കിലും ഈ പ്രചാരണം അവസാനിപ്പിക്കണമെന്നാണ് ശ്രീ. എ. കെ. ബാലനോട് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. എൻ. ഡി. അപ്പച്ചൻ</u> : ഭൂജലവിതാനം ഏതാണ്ട് 5 മീറ്ററോളം താഴ്ന്നുപോയതായിട്ടാണ് ഔദ്യോഗികമായ കണക്കുകൾ പറയുന്നത്. വയനാട് ജില്ലയിൽ അതിനെ സംബന്ധിച്ച് കുറച്ച് ദിവസങ്ങൾക്ക് മുൻപ് ഒരു സെമിനാർ സംഘടിപ്പിച്ചുകൊണ്ട് വിദഗ്ദ്ധർ ഇക്കാര്യങ്ങളെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. വയനാട്ടിൽ ഏറെ പ്രയോജനപ്പെടുത്താവുന്ന കബനി നദി, അത് വയനാട്ടിൽ നിന്ന് ഉത്ഭവിച്ച് കർണ്ണാടകയിലൂടെ ഒഴുകി തമിഴ്നാട്ടിലേയ്ക്ക് പോകുന്ന ഒരു പുഴയാണ്. ആ പുഴയിലെ വെള്ളം ആകെ ഒരു കുടിവെള്ള പദ്ധതിക്ക് ഉപയോഗിക്കുന്നു എന്നത് ഒഴിച്ചാൽ ആ വെള്ളം നമ്മുടെ കൃഷി ആവശ്യത്തിനോ മറ്റ് കുടിവെള്ളപദ്ധതികൾക്കോ പ്രയോജനപ്പെടുത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ഒരു വർഷക്കാലത്തെ വരൾച്ച കോടിക്കണക്കിന് രൂപയുടെ കൃഷിനാശമുണ്ടാക്കി. വയനാട് ജില്ലയിലെ വിവിധ മേഖലകളിൽ കുടിവെള്ളത്തിന്റെ ക്ഷാമമുണ്ടായി. ഈ വെള്ളം പ്രയോജനപ്പെടുത്തികൊണ്ട് നമ്മുടെ വയനാട് പോലുള്ള പ്രദേശങ്ങളിൽ കുടിവെള്ളത്തിനും കൃഷിക്കും ഉപയോഗിക്കാവുന്ന വിധത്തിലുള്ള എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കാൻ ഗവൺമെന്റിന് കഴിയുമോ? അങ്ങനെ എന്തെങ്കിലുമുണ്ടെങ്കിൽ വിശദീകരിക്കുമോ ?

2018/12

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : സർ, കബനി നദി, കാവേരി ബെയ്സിനിൽ വരുന്ന ഒരു നദിയാണ്. കാവേരി ബെയ്സിനിൽ വരുന്ന ഒരു നദിയെന്നുള്ള നിലയിൽ ഇന്റർ സ്റ്റേറ്റ് റിവറായതുകൊണ്ട് അവിടെ പുതിയ പ്രോജക്റ്റുകൾ ആരംഭിക്കാനുള്ള തടസ്സം നമുക്കുണ്ട്. കബനി ബെയ്സിനിൽ നമ്മൾ പല പ്രോജക്റ്റുകളും കേന്ദ്ര ഗവൺമെന്റിന് സബ്മിറ്റ് ചെയ്ത് വർഷങ്ങളായി കാത്തിരിക്കുകയാണ്. കാവേരി ഇഷ്യൂവിൽ കാവേരി നദീജല തർക്കത്തിൽ ട്രൈബ്യൂണലിന്റെ വിധി വന്നതിനുശേഷം മാത്രമേ അവിടെ പ്രോജക്റ്റുകൾ ആരംഭിക്കാൻ കഴിയൂ.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : ഇന്റർ വാട്ടർ കമ്മിഷന്റെയും അതുപോലെ പ്രമുഖ പരിസ്ഥിതി സംഘടനകളുടെയും ഒരു പഠനം വെളിപ്പെടുത്തുന്നത് പുഴകളിലെ ജലസമ്പത്തിന്റെ മലിനീകരണത്തിന്റെ പ്രധാനപ്പെട്ട പ്രശ്നം കടലിലെ ഉപ്പുവെള്ളം വളരെ ദൂരത്തിൽ മുൻകാലത്തെ അപേക്ഷിച്ച് പുഴകളിലേയ്ക്ക് പ്രവേശിക്കുന്നുവെന്നുള്ളതാണ്. അത് തടയുന്നതിന് വേണ്ടി, ജലസംരക്ഷണത്തിന് വേണ്ടി ഉപ്പുവെള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ മുൻഗണന നൽകുമോ ?

ശ്രീ. ടി. എം. ജേക്കബ് : ഓരുവെള്ളം കയറുന്ന ചില പ്രദേശങ്ങളുണ്ട്. ഓരുവെള്ളം കയറുന്നത് തടയാൻ ചില സ്ഥലങ്ങളിൽ ടെമ്പററി ബണ്ട് നിർമ്മിക്കുന്നുണ്ട്. ചില സ്ഥലത്ത് പെർമനന്റ് ബണ്ട് നിർമ്മിക്കുന്നുണ്ട്. നാവിഗേഷന്റെ കാര്യം കൂടി പരിശോധിച്ച് ആവശ്യമായിട്ടുള്ള നടപടികൾ ഞങ്ങൾ സ്വീകരിക്കുന്നുണ്ട്.

ശ്രീ. എം. എ. ചന്ദ്രശേഖരൻ : ഗ്രൗണ്ട് വാട്ടർ ലെവൽ താഴുന്നതാണ് ഇന്നത്തെ എറ്റവും ഗുരുതരമായ ഒരു പ്രശ്നം. ഭൂമിയിലേയ്ക്ക് ഒഴുകിയിറങ്ങി ഭൂമിയുടെ വാട്ടർ ലെവൽ കൂട്ടികൊണ്ടുവരിക എന്നുള്ളതാണ് അതിന് വ്യക്തമായ പരിഹാരമാർഗ്ഗം എന്നാണ് പറയുന്നത്. നമ്മുടെ കുളങ്ങളുടെയും ചിറകളുടെയും പ്രസക്തി അവിടെയാണ്. പഞ്ചായത്തുകൾക്ക് മാത്രം ഇതിന് പരിഹാരമുണ്ടാക്കാൻ കഴിയുക എന്നുള്ളത് അസാദ്ധ്യമായ കാര്യമാണ്. വിദേശ സഹായത്തോടുകൂടിയാണെങ്കിൽ പോലും ഇതിനുവേണ്ടി ഒരു പ്രത്യേക ഫണ്ട് ഉണ്ടാക്കി ഇത് സംരക്ഷിച്ചാൽ വളരെ പ്രയോജനകരമായിരിക്കും. അത് ചെയ്യാൻ കഴിയുമോ ?

ശ്രീ. ടി. എം. ജേക്കബ് : വിദേശ സഹായം എല്ലാ കാര്യങ്ങൾക്കും, നമുക്ക് ഓരോ കാര്യത്തിനായി കിട്ടുക എന്നുപറയുന്നത് പൊതുവായ ഒരു വിഷയമാണ്. അത് നമുക്ക് നോക്കാം. ഈ കുളങ്ങളുടെയും ചിറകളുടെയും സംരക്ഷണം കുറെയൊക്കെ ലോക്കൽ ബോഡീസ് ഏറ്റെടുക്കണം. ഏറ്റെടുത്തേ പറ്റൂ. ഗവൺമെന്റ് ചെയ്യാവുന്ന കാര്യങ്ങൾ, മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് ചെയ്യാവുന്നതിന്റെ പരമാവധി കാര്യങ്ങൾ ചെയ്യുന്നുണ്ട്. ലോക്കൽ ബോഡീസിന്റെ കൂടി സഹകരണമുണ്ടെങ്കിൽ, ജനങ്ങളുടെ കൂടി സഹകരണമുണ്ടാകുമ്പോൾ നമുക്ക് ഫലപ്രദമായിട്ട് ചെയ്യാൻ കഴിയും.

മി. സ്പീക്കർ : ശ്രീ. ഡൊമിനിക് പ്രസന്റേഷൻ,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാം : സർ, ഞാൻ ചോദ്യം ചോദിച്ചില്ല. എനിക്ക് മൈക്ക് തന്നില്ല. എന്റെ ചോദ്യം, കണ്ടൽക്കാടുകളും ചതുപ്പുകളും പാടശേഖരങ്ങളും സംരക്ഷിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമെന്ന് അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇവിടെ നമുക്ക് അച്ചടിച്ച് തന്നിരിക്കുന്ന ലാൻഡ് റിഫോംസ് കമ്മിറ്റി റിപ്പോർട്ടിൽ പാടശേഖരങ്ങൾ മണ്ണിട്ട് നികത്താനുള്ള നിയമം ഉണ്ടാക്കുമെന്ന് സൂചിപ്പിച്ചിരിക്കുകയാണ്. വളരെ പ്രസക്തമായ ഒരു ചോദ്യമാണ്.

മി. സ്പീക്കർ : ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

ശ്രീ. രാജു എബ്രഹാം : ഇത് വളരെ ഗൗരവമുള്ള ഒരു ചോദ്യമാണ്.

മി. സ്പീക്കർ : എല്ലാവരും ഗൗരവമുള്ള ചോദ്യമാണ് ചോദിക്കുന്നത്. ഒരു ചോദ്യം ചോദിക്കാം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : തീരപ്രദേശത്തെ ഉപ്പുവെള്ളം സംസ്ക്കരിച്ച് ശുദ്ധജലമാക്കുന്ന പദ്ധതിയെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. എന്റെ നിയോജകമണ്ഡലത്തിലെ കുമ്പളയിലാണ് ആദ്യത്തെ ഉപ്പുവെള്ള സംസ്ക്കരണ പ്ലാന്റുള്ളത്. 10 ലക്ഷം രൂപ മുടക്കി പ്ലാന്റുണ്ടാക്കി ഒരു ദിവസം 20,000 ലിറ്റർ വെള്ളം അവിടെ ശുദ്ധീകരിക്കുന്നുണ്ട്. 500 രൂപയാണ് ചെലവ്. അങ്ങനെയുള്ള പ്രദേശങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനെ കുറിച്ച് വാട്ടർ അതോറിറ്റി കുറച്ചുകൂടി ഗൗരവമായിട്ട് ആലോചിക്കുമോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. ടി. എം. ജേക്കബ് : ഞാൻ മറ്റൊരു ചോദ്യത്തിന് മറുപടിയായിട്ട് ഇത് പറഞ്ഞു. എനിക്ക് കിട്ടിയിരിക്കുന്ന വിവരമനുസരിച്ച് കൂടുതൽ പണം നമ്മൾ ഇക്കാര്യത്തിൽ മുടക്കേണ്ടി വരും. അദ്ദേഹം പറഞ്ഞു, ഉപ്പുവെള്ളം ശുദ്ധീകരിക്കുന്നതിന് വേണ്ടി 10 ലക്ഷം രൂപ മുടക്കി 20,000 ലിറ്റർ വെള്ളം ശുദ്ധീകരിക്കാനുള്ള ക്രമീകരണം അവിടെ ചെയ്തുവെന്ന്. അങ്ങനെ എന്തെങ്കിലുമുണ്ടെങ്കിൽ ഒന്നുകൂടി പരിശോധിക്കാം.

മി. സ്പീക്കർ : ചോദ്യം നമ്പർ 329

പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിന്
വൈദ്യുതി ബോർഡിന് ധനസഹായം

2 (*329) ശ്രീ. എ. സുജനപാൽ :
ശ്രീ. പി. ജെ. ജോയി :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ പ്രസരണ വിതരണ നഷ്ടം ഇത്രയധികം വർദ്ധിക്കുവാനുള്ള കാരണമെന്ത് ;

LIBRARY ARCHIVES Kerala Legislative Assembly